Uncorrected/Not for publication
01-11-2025

## II പ്രസ്താവന

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പ്രതിപക്ഷം ഒരുകാര്യം നിയമസഭയിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ശബരിമല സ്വർണ്ണപ്പാളി വിഷയവുമായി ബന്ധപ്പെട്ട് ദേവസ്വം വകുപ്പുമന്ത്രി രാജി വയ്ക്കണമെന്നും ദേവസ്വം ബോർഡിനെ പുറത്താക്കണമെന്നും ആവശ്യപ്പെട്ട് കഴിഞ്ഞ സഭാ സമ്മേളന കാലയളവ് മുതൽ ഞങ്ങൾ സഭയ്ക്കകത്തും പുറത്തും സമരം നടത്തിവരികയാണ്. അതുകൊണ്ട് സഭാ നടപടികളുമായി സഹകരിക്കാൻ ബുദ്ധിമുട്ടുണ്ട്. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന മുഖ്യമന്ത്രിക്ക് അവതരിപ്പിക്കാൻ വേണ്ടി ചട്ടങ്ങൾ ലംഘിച്ച് ഒരു സഭാ സമ്മേളനം ചേരുകയാണ്. അതിന് എന്ത് പ്രസക്തിയാണുള്ളത്? മാത്രമല്ല കേരളം അതീവ ദരിദ്രരഹിത സംസ്ഥാനമാണെന്നുള്ള ശുദ്ധ തട്ടിപ്പാണ് മുഖ്യമന്ത്രി ചട്ടം 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിലൂടെ നൽകുന്നത്. ...... (ബഹളം)...... അതുകൊണ്ട് അതിനോട് കൂട്ടുനിൽക്കാൻ ഞങ്ങൾ ഇല്ല. സഭയെ അവഹേളിച്ചുകൊണ്ടാണ് ഇന്ന് ചട്ടം 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് അവതരിപ്പിക്കുന്നത്. രാവിലെ പത്രത്തിൽ വന്ന പരസ്യം മുഖ്യമന്ത്രി ചട്ടം

300 പ്രകാരം അവതരിപ്പിക്കുന്നതിൽ എന്ത് പ്രസക്തിയാണുള്ളത്? ഞങ്ങൾ അതുകൊണ്ട് സഭാനടപടികൾ പൂർണ്ണമായും ബഹിഷ്കരിക്കുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് സഭാ നടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇന്ന് കേരളപ്പിറവി ദിനമാണ്. കേരളപ്പിറവി ദിനത്തിൽ കേരളം കൈവരിച്ച ഒരു ചരിത്ര നേട്ടത്തിൽ അഭിമാനിക്കുന്നതിനുപകരം അത് സഹിക്കാൻ കഴിയാതെ ഇറങ്ങിപ്പോകുന്ന പ്രതിപക്ഷത്തെ ചരിത്രം എക്കാലത്തും വിലയിരുത്തും. ചരിത്രം ഇവരെ കുറ്റക്കാരെന്ന് വിധിക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞത് തീർത്തും അപ്രസക്തമായ കാര്യമാണ്. 2025 നവംബർ 1-ന് സംസ്ഥാനത്തെ അതിദാരിദ്ര്യമുക്തമായി പ്രഖ്യാപിക്കുമെന്ന് നേരത്തെതന്നെ അറിയിച്ചിട്ടുള്ളതാണ്. കഴിഞ്ഞ മന്ത്രിസഭായോഗ ദിവസം അതിദരിദ്ര കുടുംബങ്ങളിൽപ്പെട്ട ഒരു

കുടുംബമായിരുന്ന അതിദാരിദ്ര്യമുക്തമാകാൻ ബാക്കിയുണ്ടായിരുന്നത്. മന്ത്രിസഭ കാൺകെയാണ് ആ കുടുംബം അതിദാരിദ്ര്യമുക്തമാകുന്ന കാര്യം വെബ്സൈറ്റിൽ വന്നത്. മന്ത്രിസഭായോഗത്തിനുശേഷം പത്രസമ്മേളനം നടത്തുമ്പോൾ അക്കാര്യം ഞാൻ പരസ്യമായി പറഞ്ഞിട്ടുള്ളതാണ്. ഇതൊന്നും രഹസ്യമായ കാര്യമല്ല. എന്തിനാണ് പ്രതിപക്ഷം ഇതിനെ ഭയപ്പെടുന്നതെന്നാണ് ഒരു തരത്തിലും മനസ്സിലാകാത്തത്. അക്കാര്യം കേരളമാകെ അറിയാം, കേരളത്തിന് പുറത്തും അറിയാം. ഇത് ചരിത്രപ്രധാനമായ ഒരു കാര്യമായതുകൊണ്ട് ഇക്കാര്യം നമ്മുടെ നാടിനെയും രാജ്യത്തെയും ലോകത്തെയും അറിയിക്കുന്നതിന് ഏറ്റവും ഉചിതമായ മാർഗമാണ് നിയമസഭ എന്ന് കണ്ടതുകൊണ്ടുതന്നെയാണ് നിയമസഭയുടേതായ നടപടിക്രമത്തിലൂടെ ഇത് പ്രഖ്യാപിക്കാൻ തീരുമാനിച്ചത്. തട്ടിപ്പെന്ന് പറയുന്നത് സ്വന്തം ശീലങ്ങളിൽനിന്ന് പറയുന്നതാണ്. ഞങ്ങൾ നടപ്പാക്കാവുന്ന കാര്യമെന്താണോ അതേ പറയാറുള്ളൂ. കേരളത്തിലെ ജനങ്ങൾ ഞങ്ങൾക്ക് നൽകുന്ന അംഗീകാരത്തിന്റെ ഏറ്റവും വലിയ അടിസ്ഥാനം എന്താണോ പറഞ്ഞ കാര്യം അത് നടപ്പാക്കുമെന്നുള്ളതാണ്. അതുകൊണ്ടുതന്നെ ഇതിനകത്ത്

പറഞ്ഞകാര്യം നടപ്പാക്കിയിട്ടുണ്ട്. ഇപ്പോൾ നടപ്പാക്കിയ കാര്യം നിലനിർത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുപോകും. അതാണ് പ്രതിപക്ഷനേതാവിനുള്ള മറുപടി എന്ന നിലയ്ക്ക് എനിക്ക് പറയാനുള്ളത്.